**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6448** **10-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച എത്ര എസ്.സി. നഗറുകൾ നിലവിലുണ്ടെന്നും പ്രസ്തുത നഗറുകളുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിലെ മണ്ണഞ്ചേരി പഞ്ചായത്തിലെ വരകാടി നഗർ (2016-17), ആര്യാട് നോർത്ത് നഗർ(എ.എൻ നഗർ) (2021-22), പന്നിശ്ശേരി നഗർ (2022-23) എന്നിവയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ വരകാടി നഗർ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആര്യാട് നോർത്ത് നഗറിന്റെ നവീകരണ പ്രവൃത്തികൾ പുരോഗതിയിലാണ്. പന്നിശ്ശേരി നഗർ നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ എസ്.സി. നഗറുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നിർവഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ